കേരള സാഹിത്യ അക്കാദമി ആപ്പീസ്,
തൃശൂർ - 1.11..2010

**പത്രക്കുറിപ്പ്:**

# മലയാളിമനസ്സ് ചുരുങ്ങുന്നു

## പി.വത്സല

മലയാളഭാഷ പലവിധത്തിൽ മലിനപ്പെടുകയും മലയാളിമനസ്സ് ചുരുങ്ങുകയും ചെയ്യുന്ന ഒരു കാലത്താണ് നാം ഇന്ന് ജീവിക്കുന്നതെന്ന് സാഹിത്യ അക്കാദമി പ്രസിഡണ്ട് പി. വത്സല പറഞ്ഞു. കേരളപ്പിറവി ദിനത്തിൽ ഭരണഭാഷാ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു കൊണ്ട് സാഹിത്യ അക്കാദമി സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുയായിരുന്നു അവർ.

അക്ഷരക്കൂട്ടമല്ല ഭാഷ; ഭാഷ ഒരു ജനതയുടെ ഹൃദയത്തുടിപ്പും വികാരങ്ങളും ചിന്തകളും ഉദ്ദീപിപ്പിക്കുന്നു. ഇന്ത്യയുടെ ഭാഷാസംസ്ഥാനരൂപീകരണം ചെറിയ ഭാഗങ്ങളായി തിരിയാൻ പ്രേരകമായി. മലയാളഭാഷയ്ക്ക് ഉന്നതസ്ഥാനം നൽകിയവരാണ് ബ്രിട്ടീഷ് ഭരണകർത്താക്കൾ. ഇപ്പോൾ നമ്മുടെ ഭാഷയ്ക്ക് നാം നൽകുന്ന സ്ഥാനത്തെക്കുറിച്ച് പുനഃപരിശോധന ആവശ്യമാണ്. മലയാളം പഠിക്കാനും വായിക്കാനും താൽപര്യമുണ്ടാകണം. കാലാനുസൃതമായ മാറ്റങ്ങൾ നാം സ്വീകരിക്കുകയും വേണം-പി.വത്സല പറഞ്ഞു.

കേരള സാഹിത്യ അക്കാദമി സെക്രട്ടറി പുരുഷൻ കടലുണ്ടി അദ്ധ്യക്ഷതവഹിച്ചു. നമ്മുടെ ഭാഷാഭിമാനം ഉയർന്ന രീതിയിലാകണമെന്ന് അദ്ദേഹം പറഞ്ഞു. ജീവവായുവാണ് ഭാഷ. മലയാളഭാഷയുടെ ക്ലാസ്സിക്കൽ പദവിയ്ക്കുവേണ്ടി സാഹിത്യ അക്കാദമിയുടെ നേതൃത്വത്തിൽ കേരള സർക്കാർ ശ്രമം ആരംഭിച്ചുകഴിഞ്ഞു. ഏതുവിധത്തിലും അർഹതപ്പെട്ടതാണ് ക്ലാസ്സിക്കൽ ഭാഷാപദവിയെന്ന് വിദഗ്ദ്ധസംഘം പ്രധാനമന്ത്രിയെക്കണ്ട് നിവേദനം നടത്തി എന്ന് പുരുഷൻ കടലുണ്ടി പറഞ്ഞു.

താരാട്ടുപാടാൻ മാത്രമല്ല ഭാഷ; സമൂഹവികാസത്തിനുവേണ്ടി ഉപയോഗിക്കുന്ന ശക്തമായ മാധ്യമമാണതെന്ന് ലളിതാലെനിൻ പറഞ്ഞു. അക്കാദമിയംഗം ടി.സി.ജോൺ, പ്രൊഫ. എം.ഹരിദാസ് എന്നിവർ സംസാരിച്ചു.

**പുരുഷൻ കടലുണ്ടി**
സെക്രട്ടറി